# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1790

## 04-05-2017 ൽ മറുപടിക്ക്

## കിഫ്ബി ബോർഡിന്റെ പുന:സംഘടന

| ചോദ്യം<br>ശ്രീ.കെ.എം.മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 1999-ൽ അംഗങ്ങളുടെ പേരുവിവരം പറഞ്ഞാണോ കിഫ്ബി ബോർഡ് സ്ഥാപിച്ചത്; പ്രസ്തുത നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | അതെ. 11.11.1999 ലെ കേരള ഗസറ്റ് (അസാധാരണം) നം. 2074 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) 2016-ൽ കിഫ്ബി നിയമം ഭേദഗതി വരുത്തിയപ്പോൾ ബോർഡിന് വന്ന ഘടനയിലെ മാറ്റത്തിന് അനുസരിച്ച് കിഫ്ബി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടുണ്ടോ; 1999-ൽ കിഫ്ബി ബോർഡ് രൂപീകരിച്ച വിജ്ഞാപനത്തെ സൂപ്പർസീഡ് ചെയ്തുകൊണ്ടാണോ പ്രസ്തുത വിജ്ഞാപനം ഇറക്കിയത്; ഇല്ലെങ്കിൽ കാരണമെന്ത്; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ബോർഡ് പുന:സംഘടിപ്പിച്ചു കൊണ്ട് 4.11.2016 സ.ഉ.(പി) നം. 168/16/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 04.11.2016 ലെ 1888 ാം നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് 4 ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഒരു ബോർഡ് രൂപീകരിക്കാമെന്നും ടി ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോട്ടു കൂടിയതായിരിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം ഉപ വകുപ്പ് (3) ൽ നൽകിയിട്ടുള്ള പട്ടികയിൽ അംഗങ്ങളുടെ ഔദ്യോഗിക പേരു മാത്രമാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്വതന്ത്ര അംഗങ്ങളുടെ കാര്യത്തിൽ സർക്കാർ "നാമനിർദ്ദേശം" ചെയ്യുന്ന വ്യക്തികളെയാണ് അംഗങ്ങളായി നിയമിക്കുന്നത്. ആയതിനാൽ ടി ഔദ്യോഗിക സ്ഥാനങ്ങൾ |

| | |
|---|---|
| | വഹിക്കുന്ന വ്യക്തികൾ ആരായാലും സ്വാഭാവികമായി അവർ ബോർഡിന്റെ അംഗമായിരിക്കുന്നതാണ്. അതിനാൽ സ്വതന്ത്ര അംഗങ്ങളെ മാത്രമാണ് പേരുവിവരം നൽകി ടി വിജ്ഞാപനം .വഴി സർക്കാർ നാമ നിർദ്ദേശം ചെയ്തിട്ടുള്ളത്. എസ്.ആർ ഒ. നം. 673/2016 ലെ ആദ്യ ഖണ്ഡത്തിൽ ഭേദഗതി ചെയ്യപ്പെട്ട ആക്റ്റ് പ്രകാരം ബോർഡ് പുന:സംഘടിപ്പിക്കുന്നു എന്ന് പ്രസ്താവിച്ചിട്ടുള്ളതിനാൽ അതുവരെ നിലവിലുള്ള ബോർഡ് അംഗങ്ങളിൽ പുന:സംഘടിപ്പിക്കപ്പെട്ട ബോർഡിലില്ലാത്ത അംഗങ്ങളുടെ അംഗത്വം സ്വാഭാവികമായും അവസാനിക്കുന്നതാണ്. ആയതിനാൽ മുൻ എസ്.ആർ.ഒ യെ നിലവിലെ എസ്.ആർ.ഓ. സൂപ്പർസീഡ് ചെയ്യുന്നതായി പ്രസ്താവിക്കേണ്ട കാര്യമില്ല. ഇതിനു മുൻപും എസ്.ആർ.ഒ നം. 102/2005 പ്രകാരം ബോർഡ് പുന:സംഘടിപ്പിച്ചിട്ടുള്ളപ്പോഴും "സൂപ്പർസീഡ്" ചെയ്യുന്നതായി പ്രസ്താവിച്ചിട്ടില്ല. പകർപ്പ് അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) നിലവിലുള്ള കിഫ്ബി ബോർഡ് പുനസംഘടിപ്പിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ എസ്.ആർ.ഓ. നമ്പറും ഗസറ്റ് നമ്പറും ഏതെല്ലാമാണ്; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം കിഫ് ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 4.11.2016 ലെ എസ്.ആർ.ഒ നം. 673/16 പ്രകാരമാണ്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**